"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ വകുപ്പ്- കുടുംബശ്രീ- ബഡ്സ്/ബി.ആർ.സി. സെന്ററുകളിലെ അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റ്-ന്റെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.291/2022/LSGD തീയതി,തിരുവനന്തപുരം, 09-02-2022

---

പരാമർശം:- 1. 07/02/2018 തീയതിയിലെ സ.ഉ.(എം.എസ്) നം.20/2018/തസ്വഭവ

2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.12.2021 ലെ 3598/എൽ/2021/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശ ഉത്തരവ് പ്രകാരം ബഡ്സ്/ബിആർസി സെന്ററുകളിലെ അദ്ധ്യാപകരുടെ നിയമനത്തിനായി 2018 ഓഗസ്റ്റ് മാസം മുതൽ അതാത് കുടുംബശ്രീ ജില്ലാ മിഷനുകൾ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിരുന്നു. ടി റാങ്ക് ലിസ്റ്റിന്റെ കാലാവധി 2021 ഓഗസ്റ്റ് മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ അവസാനിച്ചിരിക്കുകയാണ്. എന്നാൽ മേൽ ലിസ്റ്റിൽ നിന്നും വളരെ കുറച്ച് നിയമനങ്ങൾ മാത്രമാണ് നടത്തിയിട്ടുള്ളതെന്നും, കോവിഡ് മഹാമാരി കുറയുന്നതനുസരിച്ച് സ്കൂളുകൾ തുറക്കുമ്പോൾ നിയമന ശുപാർശ ലഭിച്ചവർക്ക് ജോലി നല്കാമെന്നാണ് അറിയിച്ചിട്ടുള്ളതെന്നും, മേൽ ലിസ്റ്റിൽ നിന്നും കാര്യമായ നിയമനങ്ങൾ നടക്കാത്തതിനാൽ പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി 2 വർഷം കൂടി ദീർഘിപ്പിച്ചു നൽകണമെന്നും പരാമർശം (2) ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡിന്റെ പശ്ചാത്തലത്തിൽ നിലവിലെ സ്കൂളുകളും പുതുതായി ആരംഭിച്ച സ്ഥാപനങ്ങളും തുറന്ന് പ്രവർത്തിക്കാത്തതിനാൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നാമമാത്രമായ നിയമനങ്ങൾ മാത്രമാണ് നടന്നിട്ടുള്ളത് എന്ന വസ്തുത കണക്കിലെടുത്ത്, ബഡ്സ്/ബിആർസി സെന്ററുകളിലെ അദ്ധ്യാപകരുടെ നിയമനത്തിനായി 2018 ഓഗസ്റ്റ് മാസം മുതൽ അതാത് ജില്ലാ മിഷനുകൾ പരീക്ഷ നടത്തി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിന്റെ പ്രാബല്യകാലാവധി 2 വർഷം പൂർത്തിയാകുന്ന തീയതി വരെ

ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ,തിരുവനന്തപുരം.
എല്ലാ കുടുംബശ്രീ ജില്ലാ മിഷനും (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖേന)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഐ.എ1/13/2022/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ